# ഗസ്സ മരണവക്ത്രത്തിൽ

**പശിയടക്കാൻ** ഭക്ഷണമില്ല. ദാഹമകറ്റാൻ ശുദ്ധ ജലമില്ല. വിളക്കു കത്തിക്കാൻ വൈദ്യുതിയില്ല. വാഹനമോടിക്കാൻ ഇന്ധനമില്ല. ആശുപത്രികളിൽ ജീവൻരക്ഷാഔഷധങ്ങൾ പോലുമില്ല. ഇങ്ങനെ സ്ത്രീകളും കുട്ടികളും പുരുഷന്മാരും രോഗികളും ഉൾക്കൊള്ളുന്ന പതിനഞ്ചു ലക്ഷം ജനങ്ങളാണ് ഗസ്സയിൽ മരണവക്ത്രത്തിൽ കിടന്നുപിടയുന്നത്. ഈ ദുരിതങ്ങൾ ഭൂകമ്പത്തിന്റെയോ കൊടുങ്കാറ്റിന്റെയോ മറ്റു പ്രകൃതി ക്ഷോഭങ്ങളുടെയോ സൃഷ്ടിയല്ല. സയണിസ്റ്റ് കാപാലികർ ഗസ്സക്കെതിരെ ഏർപ്പെടുത്തിയ ഉപരോധത്തിന്റെ സൃഷ്ടിയാണ്. ഇതിനൊക്കെപ്പുറമെ മണ്ണിൽനിന്ന് ഇസ്രയേൽ കരസേനയുടെ വെടിവെപ്പും വിണ്ണിൽനിന്ന് എയർഫോഴ്സിന്റെ ബോംബിംഗും. ദിനേന എട്ടും പത്തും പേർ കൊല്ലപ്പെടുന്നു. പാർപ്പിടങ്ങൾ തകർക്കപ്പെടുന്നു.

നിസ്സഹായമായ ഒരു കൊച്ചു ജനതയെ കഴുത്തു ഞെരിച്ചു ശ്വാസംമുട്ടിക്കുന്ന ഈ നിഷ്ഠുര നടപടി സയണിസ്റ്റുകൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. പത്തു മാസക്കാലമായി തുടരുകയാണ് ഗസ്സക്കെതിരെയുള്ള കർശനമായ ഉപരോധം. നേരത്തെ മാസാന്തം പതിനായിരം കണ്ടയ്നർ അവശ്യ സാധനങ്ങളെത്തിയിരുന്ന ഗസ്സയിൽ ഉപരോധശേഷം കേവലം 2400 കണ്ടയ്നറുകളാണെത്തുന്നത്. ഗസ്സയിലെ ഭക്ഷ്യക്ഷാമവും ഇന്ധനക്ഷാമവും അതിരൂക്ഷമാണെന്നും ദാരുണമായ ദുരന്തത്തിലേക്കാണ് പ്രദേശം നീങ്ങുന്നതെന്നും യു.എൻ ഏജൻസികൾ റിപ്പോർട്ട് നൽകിയിട്ട് മാസങ്ങളായി. 16 വയസ്സിനു താഴെയുള്ള കുട്ടികളിൽ 70 ശതമാനവും മാരകമാംവണ്ണം രക്തക്കുറവും അനീമിയയും ബാധിച്ചവരാണെന്ന് ലോകാരോഗ്യ സംഘടന പറയുന്നു. 20000 ഫലസ്ത്വീനീ കുട്ടികൾ ചികിത്സ കിട്ടാതെ നരകിക്കുന്നതായി മറ്റൊരു പഠനം വെളിപ്പെടുത്തുകയുണ്ടായി. ഇന്ധന ദൗർലഭ്യം മൂലം വാഹനങ്ങളിൽ 85 ശതമാനവും മുടങ്ങിക്കിടക്കുകയാണ്. ആമ്പുലൻസുകളിൽ പോലും 60 ശതമാനം നിശ്ചലമാണ്. ജലശുദ്ധീകരണ പ്ലാന്റും പ്രവർത്തനരഹിതമായിരിക്കുന്നു.

സ്വന്തം സഹോദരങ്ങളുടെ മരണവെപ്രാളം കാണാൻ കൂട്ടാക്കാതെ മൗനത്തിന്റെ വാൽമീകത്തിലൊളിച്ചിരിക്കുകയാണ് അറബ് രാജ്യങ്ങൾ. സാമ്രാജ്യത്വശക്തികളും സയണിസ്റ്റുകളും അനുവദിക്കുമ്പോൾ കുറേ പെട്രോഡോളർ വാരിക്കൊടുത്താൽ ഫലസ്ത്വീനിനോടുള്ള തങ്ങളുടെ ബാധ്യത കഴിഞ്ഞു എന്നാണവരുടെ നിലപാട്. മറ്റു മുസ്‌ലിം രാജ്യങ്ങൾക്കുമില്ല മിണ്ടാട്ടം. ഐക്യരാഷ്ട്രസഭയും മനുഷ്യാവകാശ സംഘടനകളും ജനാധിപത്യ പ്രസ്ഥാനങ്ങളുമെല്ലാം കിരാതമായ ഈ വംശഹത്യയെ ബോധപൂർവം അവഗണിക്കുന്നു. ഫലസ്ത്വീനികളനുഭവിക്കുന്ന ദുരിതങ്ങൾക്കുനേരെ കണ്ണടക്കാനും ചെവി പൊത്താനും വികാരങ്ങൾ മരവിപ്പിക്കാനും ലോകം ഒറ്റക്കെട്ടായി തീരുമാനിച്ചതുപോലെ. ഫലസ്ത്വീനികൾ എങ്ങനെയും ചത്തൊടുങ്ങട്ടെ എന്നാണ് എല്ലാവരുടെയും ഭാവം. ആ ലക്ഷ്യം പൂർത്തിയാകാൻ കാത്തിരിക്കുകയാണവർ; ഞെട്ടിത്തെറിക്കാനും അഗാധമായ ദുഃഖം പ്രകടിപ്പിക്കാനും.

തടയാനാരുമില്ല എന്ന വിശ്വാസം തന്നെയാണ് ഫലസ്ത്വീനികൾക്കെതിരെ എന്തും ചെയ്യാൻ ഇസ്രയേലിന് ധൈര്യം പകരുന്നത്. മനുഷ്യാവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും ആഗോളകുത്തകക്കാരായ അമേരിക്കയുടെയും യൂറോപ്പിന്റെയും ആശീർവാദവും അകം നിറഞ്ഞ പിന്തുണയും അവർക്കുണ്ട്. ഇസ്രയേൽ ഫലസ്ത്വീനികളുടെ മാറിൽ തറക്കുന്ന വെടിയുണ്ടകളും അത് പായിക്കാനുപയോഗിക്കുന്ന തോക്കുകളുമെല്ലാം അമേരിക്കയുടേതും യൂറോപ്പിന്റേതുമാണ്. സമാധാന സംഭാഷണങ്ങളിലൂടെയും ഉടമ്പടികളിലൂടെയും എന്നും ഇസ്രയേലിന്റെ നില ഭദ്രമാക്കുകയും ഫലസ്ത്വീനികളുടെ നില ദുർബലമാക്കുകയുമാണ് അവർ ചെയ്തുവന്നിട്ടുള്ളത്. ഇപ്പോഴത്തെ ഗസ്സ ഉപരോധത്തിനും അവരുടെ പിന്തുണയുണ്ട്. പരസ്യമായി പറയാറില്ലെങ്കിലും ഫലസ്ത്വീൻ ജനതയുടെ സമ്പൂർണമായ ഉന്മൂലനത്തിലാണ് ഇസ്രയേലിന്റെ ഭദ്രമായ നിലനില്പ് എന്നാണ് അവരെല്ലാവരുടെയും മനോഭാവം. മഹ്മൂദ് അബ്ബാസ് സമാധാനത്തിന്റെ മരീചിക തേടി നിരന്തരം ജറൂസലമിലേക്ക് മണ്ടിക്കൊണ്ടിരിക്കുകയാണ്.

ഗസ്സയുടെ ശോച്യാവസ്ഥ കണ്ടറിഞ്ഞ മനുഷ്യസ്നേഹികളൊക്കെയും അതിനു സത്വരമായ പരിഹാരം കാണണമെന്ന് ലോകത്തോടാവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, പ്രതികരണം എങ്ങുനിന്നുമില്ല. ആദ്യം പ്രതികരിക്കേണ്ടവർ തന്നെ നിഷ്ക്രിയരാണെങ്കിൽ മറ്റുള്ളവരെന്തിനു പ്രതികരിക്കണം?! ഗസ്സയിലെ സഹോദരങ്ങൾ ഉപരോധക്കുരുക്കിൽ പെട്ട് പിടയുമ്പോൾ, ആ ഉപരോധം നടപ്പിലാക്കുന്ന ഇസ്രയേലിന്റെ വിദേശകാര്യമന്ത്രി എഫ്.എം ലിവ്നിയെ ചുവപ്പ് പരവതാനി വിരിച്ച് സ്വീകരിക്കുകയാണ് ഖത്തർ തലസ്ഥാനമായ ദോഹ. 2008 ഏപ്രിൽ 14-ന് അവിടെ നടന്ന ഫോറം ഓൺ ഡെമോക്രസി ആന്റ് ഫ്രീ ട്രേഡ് കോൺഫറൻസിൽ ഒരു വിശിഷ്ടാതിഥിയായിരുന്നു ഇസ്രയേൽ വിദേശകാര്യമന്ത്രി. അറബ്-ഇസ്രയേൽ സൗഹൃദത്തിന് ഖത്തറിനെ മാതൃകയാക്കാൻ അറബ് രാഷ്ട്രങ്ങളെ ഉദ്ബോധിപ്പിച്ച അവർ 'സമാധാന പ്രക്രിയക്ക് ഭീഷണി സൃഷ്ടിക്കുന്ന ഭീകര സംഘടനക'ളെ രൂക്ഷമായി ഭർത്സിക്കുകയും ചെയ്തു. ഒമാൻ വിദേശകാര്യമന്ത്രി യൂസുഫ് ബിൻ അലവിയും സംഘവും ഈയിടെ ഇസ്രയേൽ വിദേശകാര്യമന്ത്രിയുമായി സന്ധിച്ച് സൗഹൃദ സംഭാഷണം നടത്തുകയുണ്ടായി. അറബ് രാജ്യങ്ങൾ ഒന്നൊന്നായി ഇസ്രയേലിന്റെ കങ്കാണിമാരായി മാറിക്കൊണ്ടിരിക്കുകയാണ്. ഫലസ്ത്വീനികൾക്ക് ആരുമില്ല-അല്ലാഹുവല്ലാതെ. ഈ കൊടിയ പരീക്ഷണത്തെ അതിജീവിക്കാൻ അല്ലാഹു അവരെ തുണക്കുമാറാകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. ■